# സ്നേഹിതരോടെ മലർവാടിക്ക്...



മലർവാടി എനിക്ക് വളരെയധികം ഇഷ്ടമാണ്. മലർവാടി ദ്വൈവാരികയാക്കിയിൽ സന്തോഷമുണ്ട്. മലർവാടി കൈയിൽ കിട്ടിയാൽ പിന്നെ അത് വായിച്ച് തീർത്തേ വേറെ പണികളിലേക്ക് തിരിയൂ. സ്കൂൾ മുറ്റം പേജാണ് ഏറ്റവും ഉപകാരപ്രദമായ പേജ്. ആ പേജ് എനിക്ക് വളരെ അധികം ഇഷ്ടമാണ്. ഫേസ്ബുക്ക് കിട്ടുവും പട്ടാളം പൈലിയുമാണ് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ചിത്രകഥകൾ.

ജംഗിൾ ന്യൂസിലെ വാർത്തകൾ വളരെ ഇഷ്ടമാണ്. ഒരു സത്യം പറയട്ടെ, ഞാൻ ചിലപ്പോൾ മാത്രമേ പത്രം വായിക്കാറുള്ളൂ. ഞാൻ മലർവാടിൽ വരുന്ന എല്ലാ പദപ്രശ്നങ്ങളും പൂരിപ്പിക്കാറുണ്ട്. വണ്ടർഫുൾ ഇംഗ്ലീഷിലെ ഗ്രാമറുകൾ എനിക്ക് വളരെ ഉപകാരപ്രദമാണ്. അറിവുകൾ പകർന്നു തരുന്ന മലർവാടിക്ക് നന്മ നേരുന്നു.

**അംന അനാൻ എം.എം,** ക്ലാസ് 4
ഇസ്‌ലാമിക് യു.പി സ്കൂൾ
മനക്കപടി

## മികച്ച കത്ത്

ഈ ലക്കത്തിലെ സമ്മാനാർഹമായ കത്ത് എഴുതിയത് **അംന അനാൻ എം. എം** ആണ്. കത്തെഴുതിയ കൂട്ടുകാർക്കെല്ലാം മലർവാടിയുടെ അഭിനന്ദനങ്ങൾ.

പ്രിയപ്പെട്ട മലർവാടി..

ഞാൻ ആദ്യമായാണ് നിനക്ക് കത്ത് എഴുതുന്നത്. എങ്കിലും ഞാൻ നിന്റെ സ്ഥിരം വായനക്കാരിയാണ്. കഴിഞ്ഞ ഒരു പാട് വർഷങ്ങളിലെ മലർവാടി എന്റെ പക്കൽ ഉണ്ട്. സ്കൂൾ മുറ്റത്തിലൂടെ ഒരു പാട് അറിവുകൾ പകർന്നു തരുന്നു മലർവാടി. കൂടാതെ പേജിന് താഴേയുള്ള ഫൂട്ട്നോട്ടുകളും ഉപകാരപ്രദമാണ് . ഫൈൻഡിങ് ഡോറി എന്ന കഥ എന്നെ വളരെ ആകർഷിച്ചു. മലർവാടി ദ്വൈവാരിക ആക്കിയതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. ഒരു പാട് കാലം കുട്ടികൾക്ക് അറിവും നേർമാർഗ്ഗവും നൽകാൻ കഴിയട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**ഷാലി അൻസാരി പി.റ്റി,** ക്ലാസ്-6
വഴിക്കടവ് എ.യു.പി സ്കൂൾ

പ്രിയ മലർവാടിക്ക്,

ഞാൻ കുറെ കാലമായി മലർവാടി വായിക്കുന്നു. മറ്റുള്ള ബാല പ്രസിദ്ധീകരണങ്ങളേക്കാൾ എനിക്ക് കൂടുതൽ അറിവ് തരുന്നത് മലർവാടിയാണ്. മലർവാടിയുടെ ഓരോ പേജിന്റെയും താഴെ നൽകുന്ന ജനറൽ

ചോദ്യോത്തരങ്ങളും അവസാന കവർ പേജിലെ ചിത്രങ്ങളും ചരിത്രസ്മാരകങ്ങളും കണ്ടുപിടിത്തങ്ങളും എന്റെ പഠനത്തിന് വളരെ സഹായകമാണ്.ജംഗിൾ ന്യൂസ് പേജ് എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ചിരിച്ച് ചിരിച്ച് ഒരുവിധമായി.

**നഹല ഒ.എം,** ക്ലാസ്-8
ആയഞ്ചേരി
മേമുണ്ട ഹയർ സെക്കൻഡറി സ്കൂൾ,
വടകര



**നിങ്ങളുടെ കത്തുകൾ**
**മലർവാടി ദ്വൈവാരിക, ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാടുകുന്ന്, കോഴിക്കോട്–12. കൂടാതെ** malarvadimag@gmail.com **എന്ന ഇമെയിലിലും 8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.**

**പേര്, ക്ലാസ്, സ്കൂൾ, വീട്ടുവിലാസം, ഫോൺനമ്പർ എന്നിവ എഴുതാൻ മറക്കരുതേ.**

**ടാൽക്കം പൗഡറിൽ അടങ്ങിയ രാസവസ്തു– മഗ്നീഷ്യം സിലിക്കേറ്റ്**